കാലയളവിൽ പെൻഷൻ ആയ മുഴുവൻ ആളുകൾക്കും ലഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വിധി നടപ്പാക്കിയാലുണ്ടാകാവുന്ന ഗുതുതരമായ സാമ്പത്തിക ബാദ്ധ്യതയും ദൂരവ്യാപകമായ പ്രത്യാഘാതങ്ങളും കണക്കിലെടുത്ത് പ്രസ്തുത വിധിക്കെതിരെ ഹൈക്കോടതിയിൽ അപ്പീൽ ഫയൽ ചെയ്തിട്ടുണ്ട്.

(സി) നിവേദനം സർക്കാരിന് ലഭിച്ചിട്ടുണ്ട്.

(ഡി) നിവേദനം 12.10.98-ന് ലഭിച്ചു.

(ഇ) അപ്പീൽ തീർപ്പാക്കുന്നതിനുമുമ്പ് അനന്തര നടപടികൾ കൈക്കൊള്ളുന്നതിന് കഴിയുകയില്ല.

18 (2575) കുടുംബ പെൻഷൻ

ശ്രീ. പി.ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റിട്ടയർ ചെയ്ത ഗവൺമെന്റ് ജീവനക്കാരുടെയും അധ്യാപകരുടേയും ഭാര്യക്കോ ഭർത്താവിനോ അനുവദിച്ചിരുന്ന കുടുംബ പെൻഷൻ അവരുടെ അവിവാഹിതരായ പെൺമക്കൾക്കും അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) ഈ ഉത്തരവ് അൺ എയ്ഡഡ് സ്കൂളുകളിൽനിന്നും റിട്ടയർ ചെയ്ത അധ്യാപകരുടെ അവിവാഹിതരായ പെൺമക്കൾക്ക് ബാധകമാണോ;

(സി) ഇല്ലെങ്കിൽ ഈ ആനുകൂല്യം അവർക്കുകൂടി ബാധകമാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നിർധനരാകുന്ന സർക്കാർ ജീവനക്കാരുടെയും പെൻഷൻകാരുടെയും അവിവാഹിതരായ പെൺമക്കൾക്ക് ചില വ്യവസ്ഥകൾക്ക് വിധേയമായി കുടുംബ പെൻഷൻ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത ഉത്തരവിൽ ഇക്കാര്യം പ്രത്യേകം പരാമർശിക്കപ്പെട്ടിട്ടില്ലെങ്കിലും ബാധകമാണ്.

(സി) ഉദിക്കുന്നില്ല.

19 (2576) മഹിളാ പ്രധാൻ ഏജന്റുമാരുടെ പെൻഷൻ

ശ്രീമതി ആർ. ലതാദേവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ മഹിളാ പ്രധാൻ ഏജന്റുമാരുടെ പെൻഷൻ പദ്ധതി നടപ്പാക്കുന്നതിനായുള്ള സമഗ്ര നിർദ്ദേശം സമർപ്പിക്കാൻ ആരെയെങ്കിലും ചുമതലപ്പെടുത്തിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly